**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 345** **18-07-2022 - ൽ മറുപടിയ്ക്ക്**

**ധാതുമണൽ ഖനനം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മൈൻസ് ആന്റ് മിനറൽസ് ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ ആക്ട് ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കം സംസ്ഥാനത്തിന്റെ പൊതുതാല്പര്യങ്ങൾക്ക് വിരുദ്ധമായതിനാൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 1957- ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദ്ദേശത്തിന്മേൽ സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണപ്രദേശങ്ങളുടെയും അഭിപ്രായം കേന്ദ്ര ഖനന മന്ത്രാലയം ആരാഞ്ഞിരുന്നു. ആക്ടിലെ 6 ഭേദഗതി നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത്.<br><br>ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂളിലെ പാർട്ട് - ബി യിൽ ഉൾപ്പെടുന്നതും നാളിതുവരെ സ്ട്രാറ്റജിക് ഗണത്തിൽ പരിഗണിച്ച് വന്നിരുന്നതുമായ 12 ധാതുക്കളിൽ യുറേനിയം, തോറിയം, ടൈറ്റാനിയം മുതലായവയുടെ സാന്നിധ്യമുള്ള ഇൽമനൈറ്റ്, റൂട്ടൈൽ, ല്യൂക്കോക്സിൻ തുടങ്ങി എട്ടോളം ധാതു ഗ്രൂപ്പുകളെ ആക്ടിൽ പ്രത്യേകമായി പാർട്ട് - ഡി രൂപീകരിച്ച് അതിലേക്ക് മാറ്റി അവയുടെ ലേലം സംസ്ഥാന സർക്കാരിന്റെ അധികാരത്തിനു ഉപരിയായി കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തു വാനാണ് ആക്ടിലെ ഭേദഗതിയോടെ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നത്. നിലവിൽ 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 5(1)- ന്റെ മൂന്നാമത്തെ പ്രോവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. പ്രസ്തുത വ്യവസ്ഥയാണ് ആക്ടിലെ ഭേദഗതിയോടെ മാറ്റം വരുത്തുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്.<br><br>മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിന്റെ |

| | | | |
|---|---|---|---|
| | | | 2021 ൽ നടത്തിയ ഭേദഗതികളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു ആക്ടിൽ സെക്ഷൻ 8(5), 8എ (7എ) എന്നിവയുടെ ഉൾപ്പെടുത്തൽ. അതുവഴി കൽക്കരി ഉൾപ്പെടെയുള്ള ധാതുക്കളുടെ ക്യാപ്റ്റീവ് മൈനുകളിൽ നടത്തുന്ന ഉൽപ്പാദനത്തിൽ അവരുടെ ആവശ്യത്തിനു ശേഷമുള്ള 50 ശതമാനം വരെ ധാതുക്കൾ വിറ്റഴിക്കാമെന്നുള്ള നിബന്ധനയായിരുന്നു അത്. ഇതിൽ “ആവശ്യത്തിന് ശേഷമുള്ള” എന്ന ഭാഗം നിലവിലെ ഭേദഗതി നിർദ്ദേശത്തിലൂടെ ഒഴിവാക്കുന്നതിലൂടെ ലെസ്സികൾക്കു യഥേഷ്ടം വിറ്റഴിക്കാമെന്നുള്ള അവസ്ഥ സംജാതമാകും. അറ്റോമിക് ധാതുക്കളുടെ ഖനനം സ്വകാര്യമേഖലയിലാക്കി മേൽ ഭേദഗതി നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളായ KMML, TTP Ltd, IREL എന്നിവയെ ദോഷകരമായി ബാധിക്കുന്നതാണ്.<br><br>ആക്ടിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി ഭരണഘടനാപരവും, രാജ്യസുരക്ഷാപരവും, പാരിസ്ഥിതികവും, സാമൂഹ്യ സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാൽപര്യത്തിന് ദോഷകരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. മേൽ ഭേദഗതികൾക്കെതിരെ നിയമപരമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ പൊതുമേഖലയിൽ നിലനിൽക്കുന്ന ധാതുമണൽ ഖനനത്തെ സ്വകാര്യവത്ക്കരിക്കാനുള്ള നടപടിയുടെ ഭാഗമാണിതെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. ഭരണഘടനാപരമായി ഖനികളുടെയും ധാതുക്കളുടെയും ഉടമസ്ഥാവകാശം സംസ്ഥാനങ്ങൾക്കാണ്. അപ്രകാരം ഖനികളെയും ധാതുക്കളെയും സംബന്ധമായ നിയമങ്ങളും നയങ്ങളും രൂപീകരിക്കുവാനും സംസ്ഥാനത്തിന് അധികാരമുണ്ട്. രാജ്യത്തെ ഖനനനിയമങ്ങൾ രൂപീകൃതമാകുമ്പോൾ പൊതുജനങ്ങളുടെ താൽപര്യത്തെ പരിഗണിക്കണ മെന്നുള്ള ഭരണഘടനാപരമായ തത്വമാണ് ആക്ടിലെ ഈ ഭേദഗതി നിർദ്ദേശത്തിലൂടെ ഖണ്ഡിക്കപ്പെടുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത സ്വകാര്യവത്ക്കരണ നീക്കത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 1957- ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ട് ഭേദഗതി ചെയ്യുന്നതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര ഖനന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. കൂടാതെ വിഷയവുമായി ബന്ധപ്പെട്ട് 2022 ജൂലയ് 4-ാം തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ